പ്രധാനപ്പെട്ടത് പറയാം. വയനാട്ടിലെ ടൂറിസം റോഡുകളുടെ നിർമ്മാണം, മലപ്പുറത്ത് സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽ, ഇടരിക്കോട് ടെക്സ്റ്റയിൽസ് നവീകരണം, കോഴിക്കോട് പവർലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നടപ്പിലാക്കുന്ന ടെക്സ്റ്റയിൽ പദ്ധതി, പാലക്കാട് ആലത്തൂർ ഫയർ സ്റ്റേഷൻ, പൊന്നാനി ഫിഷിംഗ് ഹാർബർ, പാലക്കാട് അട്ടപ്പാടിയിലെ ഹെൽത്ത് പ്രോജക്റ്റ് കെട്ടിടം, വടകര എൻജിനീയറിംഗ് കോളേജ്, കണ്ണൂർ മട്ടന്നൂരിലെ ജില്ലാ റൂറൽ ട്രഷറി. വയനാട് പച്ചക്കറി ശീതീകരണശാല, പാലക്കാട് പോളിടെക്നിക് പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ, കോഴിക്കോട് ജില്ലയിലെ മില്ലേനിയം - അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്. 108 എണ്ണത്തിൽ ഓരോ മേഖലയിലേയും ചുരുക്കം കാര്യങ്ങൾ മാത്രമേ പറയുന്നുള്ളു. മദ്ധ്യമേഖല: കാലടിയിൽ ടൂറിസ്റ്റ് കോംപ്ലക്സ്, ബോൾഗാട്ടിയിലും കുമരകത്തും ടൂറിസ്റ്റ് ആയുർവേദ സെന്റർ, കോട്ടയം ടെക്സ്റ്റൈൽസ്, പ്രഭുറാം മിൽസ് നവീകരണം, തൃശ്ശൂരിൽ പ്രിന്റിംഗ് പ്രസ്, നഴ്സിംഗ് കോളേജ്, പട്ടികജാതി പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, ഫിഷറീസ് ട്രെയിനിംഗ് സെന്റർ, എറണാകുളത്തും കോട്ടയം ജില്ലയിലെ പൂഞ്ഞാറിലും ഈരാറ്റുപേട്ടയിലും ചെക്ക് ഡാം. കൊച്ചി കോർപ്പറേഷനിൽ 50 വാർഡുകളെ കേന്ദ്രീകരിച്ച് കൺസ്യൂമർ സംഘം, എറണാകുളത്ത് പച്ചക്കറി ശീതീകരണശാല, കോട്ടയത്ത് ദന്തൽ കോളേജ്, തൃശ്ശൂരിൽ എരുമപ്പെട്ടി പോലീസ് സ്റ്റേഷൻ, എറണാകുളം, ഇടുക്കി എന്നീ ജില്ലകളിൽ എൻജിനീയറിംഗ് കോളേജ്, മിനി സിവിൽ സ്റ്റേഷൻ ചേലക്കര, തൃശ്ശൂർ-എറണാകുളം ജില്ലയിൽ പോലീസ് കമ്പ്യൂട്ടർ നെറ്റ് വർക്ക്, വിയ്യൂർ സെൻട്രൽ ജയിലിൽ പവർലൂം യൂണിറ്റ്. തെക്കൻ മേഖല : പൊൻമുടിയിൽ ടൂറിസ്റ്റ് കോംപ്ലക്സ്, പള്ളാത്തുരുത്തി - ഓതറതോട്, നെടുമുടി, വടക്കാലൻ എന്നിവിടങ്ങളിൽ ബാക്ക്വാട്ടർ റിസോർട്ടുകൾ, വേളിയിൽ അമ്യൂസ്മെന്റ് പാർക്ക്, ചിറയിൻകീഴ് താലൂക്കിൽ കയർമാറ്റ് യൂണിറ്റ്, മുതലപ്പൊഴി ഫിഷിംഗ് ഹാർബർ, പുന്നപ്ര 220 കെ.വി.സബ് സ്റ്റേഷൻ കൊല്ലം-ആലപ്പുഴ ജില്ലയിൽ പോളിടെക്നിക്കുകൾ, ആലപ്പുഴ ജില്ലയിൽ വനിതാ ശിശുക്ഷേമ വകുപ്പിന്റെ കീഴിൽ സ്റ്റെപ്പ് പദ്ധതി. കെ.എസ്.ആർ.ടി.സി. ഹഡ്കേയുടെ സഹായത്തോടെ 1200 ബസ്സുകൾ പുതുതായി ഇറക്കുന്നതിന് തുടക്കമിടുകയും 12 എണ്ണം ആദ്യഘട്ടത്തിൽ പുറത്തിറക്കുകയും ചെയ്തു. തിരുവനന്തപുരം കോർപ്പറേഷനിൽ കമ്പ്യൂട്ടർ ട്രെയിനിംഗ് സെന്റർ. പ്രധാനപ്പെട്ട കാര്യങ്ങൾ മൂന്നു മേഖലകളിൽ ചെയ്തിട്ടുണ്ട്. 108 എണ്ണവും വായിക്കാൻ സമയമില്ലാത്തതു കൊണ്ട് വായിക്കുന്നില്ല.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(ii) രേഖാമൂലം നല്കിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പാരാമെഡിക്കൽ കോഴ്സുകളുടെ നിലവാരം ഉയർത്തണമെന്ന ആവശ്യം

4 (*4) ശ്രീ. എം. മുരളി :
ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ :
പ്രൊഫ: സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളിലെയും പാരാമെഡിക്കൽ കോഴ്സുകൾ നടത്തുന്ന ഗവൺമെന്റ് ആശുപത്രികളിലെയും അദ്ധ്യാപന അദ്ധ്യയന നിലവാരം ഉയർത്തണമെന്ന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതേപ്പറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു വിദഗ്ദ്ധ സമിതിയെ നിയമിക്കുമോ ;

(സി) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ ചികിത്സ, പാരാമെഡിക്കൽ വിദ്യാഭ്യാസം ഇവ സംബന്ധിച്ചു ആക്ഷേപങ്ങളുണ്ടായിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇവയുടെ പ്രവർത്തനം വിലയിരുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ഒരു വിദഗ്ദ്ധ സമിതിയെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ)

(എ & ബി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ നടത്തപ്പെടുന്ന പാരാമെഡിക്കൽ കോഴ്സുകളുടെ അദ്ധ്യാപന അദ്ധ്യയന നിലവാരം തൃപ്തികരമായതിനാൽ ഇതു സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല.

(സി) ഉണ്ട്

(ഡി) സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനം, ചികിത്സ ഇവ നിരീക്ഷിക്കുന്നതിന് നിലവിൽ സംവിധാനങ്ങളൊന്നുമില്ല. എന്നാൽ സ്വകാര്യ ആശുപത്രികൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തുന്നതിനായി "കേരള പ്രൈവറ്റ് ഹോസ്പിറ്റൽ രജിസ്ട്രേഷൻ ആന്റ് റഗുലേഷൻ ബിൽ" എന്ന പേരിൽ ഒരു കരട് ബില്ല് തയ്യാറാക്കുകയുണ്ടായി. പ്രസ്തുത ബില്ലിന്റെ വിവിധ വശങ്ങൾ പരിശോധിച്ചു വരുന്നു.

നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ട്

5 (*5) ശ്രീ. സി. മൊയിൻ കുട്ടി :
ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംവരണ വിഭാഗങ്ങൾക്ക് വരുമാന പരിധി നിർണ്ണയിക്കാനുള്ള ജസ്റ്റീസ് നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ട് സർക്കാരിന് ലഭ്യമായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ ശുപാർശയാണ് കമ്മിഷൻ റിപ്പോർട്ടിലുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly